ഗ്രാമ പഞ്ചായത്തുകളിലെ സിനിമാ പ്രദർശനശാലകളിലെ വിനോദ നികുതി വെട്ടിപ്പ്

12 (*482)ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ സിനിമാപ്രദർശനശാലകളിലെ വിനോദനികുതി വെട്ടിപ്പ് തടയുന്നതിന് നിലവിൽ ശക്തമായ സംവിധാനമില്ലെന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(സി) പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ഇക്കാര്യത്തിൽ മിന്നൽ പരിശോധന നടത്തുന്ന പതിവ് നിറുത്തിവച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷമായി; നിറുത്തുവാനുള്ള കാരണം വ്യക്തമാക്കുമോ

(ഡി) വിനോദനികുതി വെട്ടിപ്പ് തടയുന്നതിന് പഞ്ചായത്തുതലത്തിലുള്ള സംവിധാനമൊഴിച്ച് മറ്റെന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ) ഉണ്ട്.

(ബി)&(സി) വിനോദ നികുതി വെട്ടിപ്പ് പരിശോധന ഫലപ്രദമായി ഇപ്പോൾ നടക്കുന്നില്ല. 1961-ലെ കേരള ലോക്കൽ അതോറിറ്റിയിൽ എന്റർടെയിൻമെന്റ് ടാക്സ് ആക്ട് സെക്ഷൻ 9-ന് 1987ൽ വരുത്തിയ ഭേദഗതി പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ തിയേറ്ററുകളിൽ പഞ്ചായത്ത് ഡയറക്ടറും ഡയറക്ടർ നിയോഗിക്കുന്ന ഉദ്യോഗസ്ഥന്മാരും പരിശോധിച്ച് വിനോദനികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. അതു പ്രകാരം സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും തിയേറ്റർ പരിശോധിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടുണ്ട്. എന്നാൽ 'എസ്കേപ്സ് ടാക്സ്' എന്താണെന്ന് ആക്ടിൽ വ്യക്തമല്ലാത്തതിനാൽ അതു വ്യക്തമാക്കിക്കൊണ്ടുള്ള ഭേദഗതി ആക്ടിൽ വരുത്താൻ ഡബ്ല്യു.എ.നമ്പർ 259/93-ലെ വിധിപ്രകാരം 17.2.93-ൽ കേരള ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചുവരുന്നു. പ്രസ്തുത ഭേദഗതി നിലവിൽ വന്നിട്ടില്ലാത്തതിനാൽ ഇതിനെതിരായുള്ള നിയമനടപടികൾ ഫലപ്രദമാകുന്നില്ല. ഇക്കാരണത്താൽ വിനോദ നികുതി വെട്ടിപ്പു ഫലപ്രദമായി നേരിടാനും സാധിക്കുന്നില്ല.

(ഡി) പഞ്ചായത്തുതലത്തിലുള്ള സംവിധാനം മാത്രമേ നിലവിലുള്ളു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരസ്യനികുതി പിരിക്കുന്നതിൽ കാണിക്കുന്ന അലംഭാവം

13 (*483)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :

LIBRARY ARCHIVES Kerala Legislative Assembly